(ഡി) എന്താവശ്യത്തിനാണ് വായ്പ എടുത്തിട്ടുള്ളത് ; ഏതാവശ്യത്തിനായി വായ്പ തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ ബിവറേജസ് കോർപ്പറേഷനിൽ നിന്ന് വായ്പ ഒന്നും തന്നെ എടുത്തിട്ടില്ല ;

(ബി -ഡി) ചോദ്യം ഉദിക്കുന്നില്ല.

ബ്ലന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ

81 (479) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ബ്ലന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ ഉണ്ടായിരുന്നു ;

(ബി) ഇവയുടെ സ്ഥാപിതശേഷി എത്രയായിരുന്നു ;

(സി) ഇപ്പോൾ എത്ര ബ്ലന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ ഉണ്ട് ;

(ഡി) അവയുടെ സ്ഥാപിതശേഷി എത്രയെന്ന് പറയുമോ ?

ഉത്തരം

(എ) നാലെണ്ണം.

(ബി) സ്ഥാപിതശേഷി നിജപ്പെടുത്തിയിട്ടില്ല.

(സി) എട്ടെണ്ണം.

(ഡി) സ്ഥാപിതശേഷി നിജപ്പെടുത്തിയിട്ടില്ല.

മണിച്ചന്റെ വീട് റെയിഡ് ചെയ്തപ്പോൾ ലഭിച്ച ഡയറി

82 (480) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഒക്ടോബർ 14-നും 31-നും ഇടയിൽ ആദായ നികുതി വകുപ്പ് കല്ലുവാതുക്കൽ മദ്യദുരന്ത കേസ്സിലെ പ്രതിയായ മണിച്ചന്റെ വീട് റെയ്ഡ് ചെയ്തപ്പോൾ ലഭിച്ച ഡയറി കൂടുതൽ അന്വേഷണത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറുകയുണ്ടായോ ;

(ബി) എങ്കിൽ അതിലെ കുറിപ്പുകളെപ്പറ്റി അന്വേഷിച്ചുവോ ;

(സി) പ്രസ്തുത ഡയറിയിൽ മണിച്ചൻ ആർക്കെല്ലാം മാസപ്പടി കൊടുത്തതായാണ് പറഞ്ഞിട്ടുള്ളത് ;

(ഡി) ഇവർ മാസപ്പടി വാങ്ങിയതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലാത്തപക്ഷം മറ്റൊരന്വേഷണം കൂടി നടത്തുമോ ?

ഉത്തരം

(എ-ഡി) അബ്കാരി കരാറുകാരൻ എസ്. ചന്ദ്രന്റെയും (മണിച്ചൻ) മറ്റും സ്ഥാപനങ്ങളിൽ നടത്തിയ റെയ്ഡുകളെ സംബന്ധിച്ച് ആദായ നികുതി വകുപ്പിൽ നിന്നും നേരിട്ട വിവരങ്ങൾ ഒന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടില്ല. എന്നാൽ റെയ്ഡിന്റെ ചുരുങ്ങിയ വിവരം ഉൾക്കൊള്ളിച്ചുകൊണ്ട് ബ്യൂറോയിൽ ലഭിച്ച ഒരു ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് ഒരു വിജിലൻസ് അന്വേഷണം നടത്തി. ആദായനികുതി വകുപ്പിൽ നിന്നും ബന്ധപ്പെട്ട റിക്കാർഡുകൾ ലഭിക്കുവാൻ കാലതാമസം ഉണ്ടായി. അങ്ങനെ ലഭിച്ച റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിജിലൻസ് അന്വേഷണത്തിൽ പ്രഥമാദൃഷ്ട്യാ തെളിവുകൾ ലഭിച്ച ഉദ്യോഗസ്ഥന്മാരുടെയും ശ്രീ. എസ്. ചന്ദ്രൻ (മണിച്ചൻ) ഉൾപ്പെടെയുള്ള ചില അബ്കാരി കരാറുകാരുടെയും പേരിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

വിഷമദ്യ ദുരന്തം

83 (481) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിഷമദ്യം കഴിച്ചതിനെ തുടർന്ന് എത്ര ആളുകൾ മരിച്ചിട്ടുണ്ട് ;

(ബി) എത്ര ആളുകളുടെ കാഴ്ചശക്തി പോയിട്ടുണ്ട് ;

(സി) കല്ലുവാതുക്കൽ വിഷമദ്യദുരന്തത്തെത്തുടർന്ന് എക്സൈസ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെല്ലാം നടപടിക്ൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) സസ്പെൻഡ് ചെയ്യപ്പെട്ട ഏതെല്ലാം ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട് ;

(ഇ) വിഷമദ്യദുരന്ത കേസിലെ പ്രതികളായ ഹയറുന്നീസയും മണിച്ചനും മറ്റ് പ്രതികളും വെളിപ്പെടുത്തിയ, മാസപ്പടി വാങ്ങിയവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 53 പേർ.

(ബി) 6 പേർക്ക് പൂർണ്ണമായും ഒരാൾക്ക് ഭാഗികമായും കാഴ്ച ശക്തി നഷ്ടപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly